**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2875** **13-12-2022 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി അർബൻ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് നിക്ഷേപം തിരിച്ച് നല്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1087 ൽ പണം നിക്ഷേപിച്ചവർക്ക് കാലാവധി പൂർത്തിയായിട്ടും നിക്ഷേപം മടക്കി നൽകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | സംഘത്തിലെ 1178 എഫ്.ഡി രസീതുകളിലായി 5,80,26,396/- രൂപ കാലാവധി കഴിഞ്ഞിട്ടും മടക്കി നൽകുവാനുണ്ടെന്ന് സഹകരണ രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരത്തിൽ എത്ര പേർക്ക് എത്ര തുക വീതം മടക്കി നൽകുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | സംഘത്തിലെ 1178 എഫ്.ഡി രസീതുകളിലായി 5,80,26,396/- രൂപ കാലാവധി കഴിഞ്ഞിട്ടും മടക്കി നൽകുവാനുണ്ടെന്ന് സഹകരണ രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത നിക്ഷേപം മടക്കി നൽകുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (സി) | കുടിശ്ശികയായ വായ്പകൾ തിരിച്ചു പിടിക്കുന്നതിന് എ.ആർ.സി കേസുകളിൽ വിചാരണ നടന്നു വരികയാണ്. സമയബന്ധിതമായി ടി കേസുകൾ തീർപ്പാക്കി, വായ്പാ തുക ഈടാക്കി നിക്ഷേപകർക്ക് തുക മടക്കി നൽകുന്നതിന് നിർദ്ദേശം നൽകുന്നതാണ്. മുൻ ഭരണസമിതി അംഗങ്ങൾക്കെതിരെ ചാലക്കുടി സി.ജെ.എം കോടതിയിൽ ക്രൈം നമ്പർ 666/6 ആയി കേസ് നിലവിലുള്ളതാണ്. |
| (ഡി) | പ്രസ്തുത സംഘത്തിൽ നിന്ന് 2016 ന് ശേഷം വായ്പ നൽകിയിട്ടുണ്ടെങ്കിൽ നൽകിയ തുക, ലഭിച്ച സ്ഥാപനങ്ങൾ, പലിശ നിരക്ക്, നാളിതുവരെയുള്ള തിരിച്ചടവ് എന്നിവ വിശദമാക്കുമോ? | (ഡി) | 2016- ന് ശേഷം സ്ഥാപനങ്ങൾക്ക് വായ്പ നല്കിയിട്ടില്ല. 2016-ന് ശേഷം ഒരു വ്യക്തിക്ക് 25,000/- രൂപ 13.5 ശതമാനം പലിശ നിരക്കിൽ വായ്പ നല്കിയിട്ടുണ്ട്. ടി വായ്പയിൽ നാളിതുവരെ 4,778/- രൂപ തിരിച്ചടച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ